# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2372 05.02.2018- ൽ മറുപടിക്ക്

### യുവ വീവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവാക്കളെ നെയ്ത്ത് വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിന് യുവ വീവ് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ; | (എ) ഉണ്ട്. യുവവീവ് പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ പുതുതായി നെയ്ത്തിലേക്ക് ആകർഷിക്കുന്നതിനുള്ളതാണ് യുവവീവ് പദ്ധതി. കുടുംബശ്രീയുടെ സഹായത്തോടെ തെരഞ്ഞെടുക്കുന്ന 500 പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പദ്ധതി നടത്തിപ്പിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ഹാൻഡ് ലൂം സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ; | (സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പദ്ധതി നടത്തിപ്പും ജില്ലാ വ്യവസായകേന്ദ്രം, കുടുംബശ്രീ എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് നടത്തുന്നത്. സ്റ്റൈപന്റോടു കൂടി പരിശീലനം നൽകുകയും തറി സൗജന്യമായി ലഭ്യമാക്കുകയും, തുടർന്ന് തൊഴിൽ അവസരം ഉറപ്പു വരുത്തുന്നതിനുമാണ് യുവവീവ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഡി) പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | യുവ വീവ് പദ്ധതിയ്ക്കായി ഈ വർഷം 3 കോടി 92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ